ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.03.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. **ജലസംരക്ഷണത്തിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള യജ്ഞത്തിൽ രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

   **Prime Minister Narendra Modi has reaffirmed the country's commitment to conserving water and promoting sustainable development.**

2. **ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമ്മയുടെ വസതിയിൽ പണം കണ്ടെത്തിയ സംഭവത്തിൽ ആഭ്യന്തര അന്വേഷണ റിപ്പോർട്ട് സുപ്രീം കോടതിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.**

   **Supreme Court last night uploaded on its website an in-house inquiry report into alleged discovery of huge cash at the residence of Delhi High Court judge Yashwant Varma.**

3. **രാജ്യത്തെ നിയമസഭാ മണ്ഡലങ്ങളിൽ പോളിംഗ് ബൂത്ത് തലത്തിലുള്ള വിഷയങ്ങൾ പരിഹരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന രാഷ്ട്രീയ സർവകക്ഷി യോഗങ്ങൾ ഈ മാസം 31 ന് പൂർത്തിയാകും.**

   **The Election Commission's grassroots-level meetings with political parties will be completed by the 31st of March.**

4. **അമിതവണ്ണത്തിനെതിരെയുള്ള അവബോധത്തിനായി 'ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ'**

പരിപാടിക്ക് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് നേതൃത്വം നൽകും.

**Union Minister Mansukh Mandaviya will take part in the nationwide movement 'Fit India Sundays on Cycle from today.**

5. **ഖേലോ ഇന്ത്യ പാരാ ഗെയിംസ് ബാഡ്മിന്റൺ വനിത ഡബിൾസിൽ കേരളത്തിന്റെ ആൽഫിയ ജെയിംസ് അടങ്ങിയ ടീമിന് സ്വർണം.**

**In Khelo India Para Games Kerala's Alfia James included team won the gold medal in the women's doubles event.**

6. **ഐപിഎൽ ക്രിക്കറ്റ് 18-ാം സീസൺ ഉദ്ഘാടന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന് ജയം.**

**In the inaugural match of Indian Premier League, IPL Royal Challengers Bengaluru defeated Kolkata Knight Riders.**

********************

## HEADLINE – 1

### JALSAKTHI - PM (INTRO)

ജലസംരക്ഷണത്തിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള യജ്ഞത്തിൽ രാജ്യം പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. നാഗരികതകളുടെ ജീവനാഡിയായിരുന്നു ജലമെന്നും ഭാവിതലമുറയ്ക്കായി അത് സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു .ജല സംരക്ഷണത്തിലും കുടിവെള്ള വിതരണത്തിലും ജൽ ജീവൻ മിഷൻ സുപ്രധാന പങ്കു വഹിക്കുന്നതായി അദ്ദേഹം പറഞ്ഞു.

(വോയ്സ്)

********************

## HEADLINE – 2

### SC - IN HOUSE INQUIRY REPORT

ഡൽഹി ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമ്മയുടെ വസതിയിൽ വൻതോതിൽ പണം കണ്ടെത്തിയെന്ന ആരോപണത്തിലെ ആഭ്യന്തര അന്വേഷണ റിപ്പോർട്ട് സുപ്രീം കോടതിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസ് ഡി കെ ഉപാധ്യായ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ അഞ്ചോളം നോട്ട് കൂമ്പാരങ്ങൾ പകുതി കത്തിയ നിലയിൽ ജഡ്ജിയുടെ വസതിയിൽ കണ്ടെത്തിയതായി പറയുന്നു. ജസ്റ്റിസ് വർമ്മയുടെ വസതിയിൽ ഉണ്ടായ തീപിടുത്തം കെടുത്താൻ അഗ്നിശമന സേന നടത്തുന്ന ശ്രമങ്ങളുടെ വീഡിയോകളും ഫോട്ടോകളും 25 പേജുള്ള അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതെ സമയം സംഭവത്തിന് പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് ജസ്റ്റിസ് യശ്വന്ത് വർമ പറഞ്ഞു കേസിൽ ആഭ്യന്തര അന്വേഷണത്തിന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന മൂന്നംഗ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

********************

### MEA - ASSISTANCE

പ്രളയക്കെടുതി നേരിടുന്ന ബോട്ട്സ്വാനയ്ക്ക് സഹായഹസ്തവുമായി ഇന്ത്യ. അവശ്യമരുന്നുകൾ, ശസ്ത്രക്രിയ ഉപകരണങ്ങൾ, ജലശുദ്ധീകരണ സാമഗ്രികൾ തുടങ്ങിയവ അടങ്ങുന്ന 10 ടൺ സാധനങ്ങളുടെ ആദ്യ ഗഡു കൈമാറിയതായി വിദേശകാര്യ മന്ത്രാലയം സമൂഹമാധ്യമത്തിൽ കുറിച്ചു. കിരിബാട്ടിയിലെ ആരോഗ്യസംരക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള ഇന്ത്യൻ സഹായവും എത്തിച്ചു നൽകിയിട്ടുണ്ട്.

********************

## HEADLINE – 3

### ALL PARTY MEETING

രാജ്യത്തെ നിയമസഭാ മണ്ഡലങ്ങളിൽ പോളിംഗ് ബൂത്ത് തലത്തിലുള്ള വിഷയങ്ങൾ പരിഹരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുന്ന രാഷ്ട്രീയ സർവകക്ഷി യോഗങ്ങൾ ഈ മാസം 31-ന് പൂർത്തിയാകും. ദേശീയ - സംസ്ഥാനതല രാഷ്ട്രീയ

പാർട്ടികളുടെ സജീവ പങ്കാളിത്തത്തോടെ യോഗങ്ങൾ രാജ്യത്തുടനീളം നടന്നുവരികയാണെന്ന് കമ്മീഷൻ അറിയിച്ചു. 28 സംസ്ഥാനങ്ങളിലെയും 8 കേന്ദ്രഭരണ പ്രദേശങ്ങളിലെയും 788 ഡിഇഒമാരെയും 36 സിഇഒമാരെയും ഉൾപ്പെടുത്തിയാണ് സർവകക്ഷി യോഗങ്ങൾ നടക്കുന്നത്.

********************

## HEADLINE – 4

### FIT INDIA

രാജ്യവ്യാപകമായി നടക്കുന്ന 'ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ' പരിപാടിക്ക് ഇന്ന് കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ നേതൃത്വം നൽകും.അമിതവണ്ണത്തിനെതിരെ പോരാടാനും ആരോഗ്യകരമായ ജീവിതശൈലി പിന്തുടരാനുമുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ലഖ്നൗവിൽ സൈക്കിളിങ്ങിൽ ശ്രീ മാണ്ഡവ്യക്കൊപ്പം ഉത്തർപ്രദേശ് ഗവർണർ ശ്രീമതി ആനന്ദിബെൻ പട്ടേലും ഭാഗമാകും. ഇതുവരെ, രാജ്യവ്യാപകമായി 4200 സ്ഥലങ്ങളിൽ സൈക്ലിംഗ് യജ്ഞം സംഘടിപ്പിച്ചിട്ടുണ്ട്. സൈക്ലിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ (CFI), മൈ ബൈക്ക്സ്, മൈ ഭാരത് എന്നിവയുമായി സഹകരിച്ച് കേന്ദ്രയുവജനകാര്യ, കായിക മന്ത്രാലയം (MYAS) ആണ് 'ഫിറ്റ് ഇന്ത്യ സൺഡേസ് ഓൺ സൈക്കിൾ' സംഘടിപ്പിക്കുന്നത്.

********************

### MORN. ONION EXPORT

രാജ്യത്ത് ഉള്ളി കയറ്റുമതിക്കുള്ള 20% തീരുവ പിൻവലിക്കുന്നതായി കേന്ദ്ര സർക്കാർ. ഉത്തരവ് ഏപ്രിൽ ഒന്ന് മുതൽ പ്രാബല്യത്തിൽ വരും. ഉള്ളിയുടെ വില കുറയ്ക്കുന്നതിനൊപ്പം കർഷകർക്ക് വരുമാനം ഉറപ്പാക്കാൻ കൂടിയാണ് ഈ തീരുമാനമെന്ന് ഉപഭോക്തൃകാര്യ മന്ത്രാലയം അറിയിച്ചു. ആഭ്യന്തര ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞ വർഷം സെപ്റ്റംബർ മുതലാണ് ഉള്ളിക്ക് 20% കയറ്റുമതി തീരുവ ഏർപ്പെടുത്തിയത്. നിലവിൽ ഉള്ളിയുടെ ഉത്പാദനവും ആഭ്യന്തര വിപണിയിലെ ലഭ്യതയും വർധിച്ചിട്ടുണ്ട്.

********************

## M K STALIN – MEETING

ലോക്സഭാ മണ്ഡല പുനർനിർണയവുമായി ബന്ധപ്പെട്ടുള്ള ആദ്യ സംയുക്ത പ്രവർത്തകസമിതി യോഗം ഇന്നലെ ചെന്നൈയിൽ നടന്നു. തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ, പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് സിങ് മാൻ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, കർണാടക ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ തുടങ്ങിയവർ പങ്കെടുത്തു.

********************

## DELIMITATION – KISHAN REDDY

ലോക്സഭാ മണ്ഡല പുനർനിർണയവുമായി ബന്ധപ്പെട്ടുള്ള സംയുക്ത പ്രവർത്തകസമിതിയുടെ യോഗം ജനങ്ങൾക്കിടയിൽ പരിഭ്രാന്തി സൃഷ്ടിക്കുന്നതിനുള്ള രാഷ്ട്രീയ തന്ത്രം മാത്രമാണെന്ന് കേന്ദ്രമന്ത്രിയും തെലങ്കാന ബി ജെ പി പ്രസിഡന്റുമായ ജി കിഷൻ റെഡ്ഡി. മണ്ഡല പുനർനിർണയത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും ഇതിൽ അന്തിമ തീരുമാനം എടുത്തിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. തെറ്റായ വിവരങ്ങൾ പരത്താനാണ് പ്രതിപക്ഷ പാർട്ടികൾ ശ്രമിക്കുന്നതെന്ന് ശ്രീ ജി കിഷൻ റെഡ്ഡി അറിയിച്ചു.

********************

# HEADLINE – 5

## KHELO INDIA PARA GAMES

ഖേലോ ഇന്ത്യ പാരാ ഗെയിംസ് ബാഡ്മിന്റൺ വനിത ഡബിൾസിൽ കേരളത്തിന്റെ ആൽഫിയ ജെയിംസ് അടങ്ങിയ ടീമിന് സ്വർണം. വീൽചെയർ ബൗണ്ട് ഇനത്തിലാണ് ഉത്തരാഖണ്ഡ് താരം മൻദീപ് കൗറിനൊപ്പം ആൽഫിയ സ്വർണം നേടിയത്. പാരാ ബാഡ്മിന്റൺ വിവിധ ഇനങ്ങൾ നിതീഷ് കുമാർ, കൃഷ്ണ നാഗർ, മനീഷ രാംദാസ്, സഞ്ജീവ് കുമാർ എന്നിവർ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. 19 സ്വർണവുമായി തമിഴ്നാടാണ് മെഡൽ

പട്ടികയിൽ മുന്നിൽ. 14 സ്വർണവുമായി ഹരിയാനയും 11 സ്വർണവുമായി രാജസ്ഥാനും രണ്ടും മൂന്നും സ്ഥാനത്തുണ്ട്.
*******************

# HEADLINE – 6

## REV. NT.IPL

ഐപിഎൽ 18 ആം സീസണിൻറെ ഉദ്ഘാടന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന് ജയം. കൊൽക്കത്തയിലെ ഈഡൻ ഗാർഡനിൽ നടന്ന മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ ഏഴ് വിക്കറ്റിനാണ് പരാജയപ്പെടുത്തിയത്. 175 റൺസ് വിജയലക്ഷ്യം പിന്തുടർന്ന റോയൽ ചലഞ്ചേഴ്സ് 16.2 ഓവറിൽ ലക്ഷ്യം മറികടന്നു. ഇന്നത്തെ മത്സരങ്ങളിൽ സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസിനെയും ചെന്നൈ സൂപ്പർ കിങ്സ് - മുംബൈ ഇന്ത്യൻസിനേയും നേരിടും.
*******************

## PIYUSH START UP (INTRO)

വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ സ്റ്റാർട്ടപ്പുകൾക്ക് നിർണായക പങ്കുള്ളതായി കേന്ദ്ര വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. രാജ്യത്തെ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിനായി മോദി സർക്കാർ സ്വീകരിച്ച 'ഫണ്ട് ഓഫ് ഫണ്ട് പോലുള്ള നിരവധി സംരംഭങ്ങൾ സഹായകരമാണെന്ന് ശ്രീ ഗോയൽ പറഞ്ഞു

**(ഹോൾഡ് ഫോർ വോയ്സ്)**
*******************

## SITHARAMAN CHENNAI CITIZEN FORUM

അടുത്ത 25 വർഷത്തേക്കുള്ള വികസിത ഭാരതത്തിനുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്ന തരത്തിലേക്കാണ് ധനകാര്യകമ്മീഷൻ പദ്ധതികൾ വിഭാനം ചെയ്യുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. ചെന്നൈ സിറ്റിസൺ ഫോറത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. പ്രാധാൻമന്ത്രി ഇന്റേൺഷിപ്പ് പദ്ധതി വെല്ലുവിളികൾ

നേരിടുന്നതിന് യുവാക്കളെ പ്രാപ്തരാക്കും. കാർഷികമേഖലയിലും പരിവർത്തനം ആവശ്യമാണെന്നുംേ ധനമന്ത്രി പറഞ്ഞു.
********************

## MARTYERS DAY

ധീര സ്വാതന്ത്ര്യ സമരസേനാനികളായ ഭഗത് സിങ്ങിൻറേയും ശിവറാം രാജ്ഗുരുവിൻറേയും സുഖ് ദേവ് ഥാപ്പറുടേയും രക്തസാക്ഷിത്വദിനം ഇന്ന്. ലാഹോർ, സെൻട്രൽ ജയിലിൽ 1931 മാർച്ച 23-നാണ് മൂന്ന് പേരുടേയും വധശിക്ഷ നടപ്പാക്കിയത്.
********************

## REV. RUSSIA-UKRAINE CONFLICT

ഉക്രെയ്നിൽ ഇന്നലെ റഷ്യ നടത്തിയ ഡ്രോൺ ആക്രമണങ്ങളിൽ ഏഴ് പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സപോരിഷിയ,സുമി , ഡൊണെറ്റ്സ്ക് മേഖലകളിലായാണ് ആക്രമണം ഉണ്ടായത്. അതെ സമയം, യു.എസിൻറെ മധ്യസ്ഥതയിൽ വെടി നിർത്തൽ സംബന്ധിച്ച് നാളെ സൗദി അറേബ്യയിൽ യോഗം ചേരുമെന്ന് ഉക്രൈൻ പ്രസിഡൻറ് വോളോഡിമിർ സെലെൻസ്കി അറിയിച്ചു. വെടി നിർത്തൽ നടപ്പാക്കുന്നതിന് സൈനിക നീക്കങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കണമെന്ന റഷ്യൻ പ്രസിഡൻറ് വ്‌ളാഡിമർ പുടിൻറെ ആവശ്യം ഉക്രൈൻ നിരസിച്ചിട്ടുണ്ട്.
********************

## IMF- INDIA GROWTH

കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം ഇരട്ടിയായതായി അന്താരാഷ്ട്ര നാണയ നിധി. ഇക്കാലയളവിൽ ജി ഡി പി യിൽ ഇന്ത്യ 105 ശതമാനം വളർച്ച കൈവരിച്ചതായി ഐ എം എഫിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. 2015-ൽ 2.1 ട്രില്യൺ ഡോളറായിരുന്ന ജി ഡി പി 2025-ൽ 4.3 ട്രില്യൺ ഡോളറായി ഉയർന്ന്, ഇന്ത്യ ലോകത്തിലെ അഞ്ചാമത്തെ വലിയ സാമ്പത്തിക ശക്തിയായി മാറിയതായും അന്താരാഷ്ട്ര നാണയ നിധി വിലയിരുത്തി.
********************

## Materiological Day

ഇന്ന് ലോക കാലാവസ്ഥാ ദിനം. കാലാവസ്ഥാ സാഹചര്യങ്ങളുടെ പ്രാധാന്യത്തെകുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനാണ് ദിനാചരണം. Closing the Early Warning Gap Together എന്നതാണ് ഈ വർഷത്തെ പ്രമേയം.

*

********************

***************************************************